**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാഷ്വൽ തൊഴിലാളികളുടെ ശൂന്യവേതന അവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ ഫാമുകളിലെ കാഷ്വൽ തൊഴിലാളികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള ശൂന്യവേതന അവധി അനുവദിക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിറങ്ങിയത് എന്നാണെന്നും ഉത്തരവിറങ്ങിയതിന് മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ; | (എ) | കാഷ്വൽ തൊഴിലാളികൾക്ക് നിലവിൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. |
| (ബി) | 09.04.1975 ലെ സ.ഉ.(ആർ.ടി) നം.1035/75 എന്ന കൃഷി വകുപ്പ് ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്പോഴും വകുപ്പിന് ബാധകമാണോ; ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ മറ്റേതെങ്കിലും ഉത്തരവുകൾ വഴി റദ്ദ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | 09.04.1975ലെ സ.ഉ(സാധാ)നം. 1035/75 ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>25.04.1977 ലെ സ.ഉ(സാധാ)നം. 1315/77/AD ഉത്തരവ് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 30 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാമെന്നും, പ്രത്യേക സാഹചര്യങ്ങളിൽ 90 ദിവസം വരെ അനുവദിക്കാമെന്നും ഉത്തരവായിട്ടുണ്ട്.<br><br>കൃഷി വകുപ്പിന്റെ 05.05.2008-ലെ സ.ഉ(കൈ)നം.82/08/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പിലെ സ്ഥിരം ഫാം തൊഴിലാളികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 120 ദിവസം വരയുള്ള ശൂന്യവേതവധി അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും 120 ദിവസത്തിന് മേലുള്ള ശൂന്യവേതനാവധി അപേക്ഷ സർക്കാരിനും അനുവദിക്കാവുന്നതാണ്.<br>കൃഷി വകുപ്പിന്റെ 26.02.2021-ലെ സ.ഉ(സാധാ)നം.240/2021/കൃഷി നമ്പർ ഉത്തരവ് പ്രകാരം നിലവിൽ ഉണ്ടായിരുന്ന നിർദ്ദേശമനുസരിച്ച് 120 ദിവസം വരെയുള്ള ശൂന്യവേതനാവധി അപേക്ഷ അതാതു ജില്ലാ ഓഫീസർമാർക്കും അതിനു മുകളിലുള്ളത് |

| | | | |
|---|---|---|---|
| | | | അനുവദിക്കാൻ സർക്കാരിനുമാണ് അധികാരമുള്ളതെന്നും ഇത് തീർത്തും അപ്രായോഗികമായതിനാൽ ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30 ദിവസം വരെയുള്ള ശൂന്യവേതനാവധി അതാതു ഫാം സൂപ്രണ്ട്/ഫാം ഓഫീസർമാർക്കും 30 മുതൽ 180 ദിവസം വരെയുള്ളത് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും 180 ദിവസത്തിനു മുകളില്ലുള്ളത് അതാത് വകുപ്പ് തലവൻമാർക്കും അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. |
| (സി) | കാഷ്വൽ തൊഴിലാളികൾക്ക് ശൂന്യവേതന അവധി അനുവദിക്കേണ്ടതില്ല എന്ന കൃഷി ഡയറക്ടറുടെ 11.01.2023 ലെ എ.ഡി.എഫ്.ഡബ്ല്യു. 2816/2022-എൽ.ഡബ്ല്യു.സി.ഡി. നമ്പർ കത്ത്, തൊഴിലാളി വിരുദ്ധവും ദൂരവ്യാപക പ്രതികാര നടപടികൾക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്ത് പുന:പരിശോധിക്കുമോ; ആയതിന് നിർദ്ദേശം നൽകുമോ; | (സി) | ഇല്ല. കാഷ്വൽ തൊഴിലാളികൾക്ക് നിലവിൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. |
| (ഡി) | അസുഖത്തെ തുടർന്നോ അപകടത്തെ തുടർന്നോ കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികൾക്ക് ജോലിക്ക് ഹാജരാകാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും ശൂന്യവേതന അവധിക്ക് അർഹതയില്ലെന്നും അതിനാൽ മുൻകാല പ്രാബല്യത്തോടെ പിരിച്ചുവിടണമെന്നുമുള്ള തൊഴിലാളി വിരുദ്ധ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായ ഇത്തരം ഉത്തരവുകൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ